# വനിതാ സംഘടനകൾ ഒന്നിക്കട്ടെ

**'സ്ത്രീശാക്തീകരണം** മുന്നേറ്റങ്ങളും പ്രതിബന്ധങ്ങളും' എന്ന സംവാദത്തിൽ ബഹുമുഖ മേഖലകളിലുള്ള വനിതകൾ സജീവമായി പങ്കെടുക്കുകയുണ്ടായി. സ്ത്രീ–പുരുഷ സമത്വം ഉണ്ടായെങ്കിൽ മാത്രമേ കുടുംബത്തിൽ സ്ത്രീശാക്തീകരണം യാഥാർഥ്യമാവുകയുള്ളൂ എന്ന കാഴ്ചപ്പാടാണ് ഇന്നും വിമോചന പ്രസ്ഥാനങ്ങളെ നയിക്കുന്നത്. നൂറ്റാണ്ടുകളായി അടിമത്തവും പുരുഷ മേധാവിത്വവും അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ത്രീവിഭാഗത്തെ പുരുഷ നിയന്ത്രിത അധികാര ഘടനയിൽനിന്നും വിമോചിപ്പിക്കാൻ രംഗത്തുവന്ന സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ഇന്നെവിടെ എത്തിനിൽക്കുന്നു എന്ന് പരിശോധിക്കേണ്ടതുണ്ട്. പുരുഷൻ അടിമുടി പുരുഷനാണ് എന്നതുപോലെ സ്ത്രീയും അടിമുടി സ്ത്രീയാണ്. പുരുഷനോട് കലഹിക്കുന്നതോ അവന്റെ മേൽ ആധിപത്യം നേടുന്നതോ അല്ല സ്ത്രീയുടെ ദൗത്യം. പരസ്പരം ഇണയും തുണയുമായി, അന്യോന്യം മറയ്ക്കുന്ന വസ്ത്രമായി ജീവിക്കേണ്ടവരാണ് അവർ. പുരുഷന്റെ പൗരുഷവും സ്ത്രീയുടെ സ്ത്രൈണതയും പൂർണമാകുന്നത് പുരുഷനും സ്ത്രീയും പരസ്പര പൂരകമായി വർത്തിക്കുമ്പോഴാണ്.

പല വനിതാ പ്രസ്ഥാനങ്ങളും മുഴക്കുന്ന 'സ്ത്രീശാക്തീകരണം' സ്ത്രീയുടെ സാമ്പത്തിക ശാക്തീകരണത്തിൽ പരിമിതമാണ്. അതിലൂടെ സ്ത്രീ സുരക്ഷിതയായിത്തീരും എന്ന കാഴ്ചപ്പാടാണ് അവർക്കുള്ളത്. ഇസ്‌ലാമിക പ്രസ്ഥാനം സ്ത്രീശാക്തീകരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഇസ്‌ലാം സ്ത്രീക്കു നൽകിയ സാമ്പത്തിക ശാക്തീകരണത്തിനും അടിവരയിടുന്നുണ്ട്. അതോടൊപ്പം സ്ത്രീക്കു നേരെ നടക്കുന്ന അതിക്രമങ്ങളും പീഡനങ്ങളും ഇല്ലാതാക്കുക, സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ അവരെ പ്രാപ്തരാക്കുക, അവകാശങ്ങളെക്കുറിച്ച് അവബോധം നൽകുക എന്നതൊക്കെയും ഉൾപ്പെടുത്തുന്നു. മതബോധം കാത്തുസൂക്ഷിച്ചുകൊണ്ട് ചുറ്റുപാടുകളിലേക്കിറങ്ങി സാമൂഹിക പ്രശ്നങ്ങളിലിടപെടുന്നതുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിയുടെ വനിതാ സംഘടന വിളിക്കുമ്പോൾ ജനസാഗരം ഒഴുകിയെത്തുന്നത്.

**സുബൈദാ റഹ്മാൻ മഞ്ഞപ്പെട്ടി**

# മഹല്ല് നേതാക്കൾക്ക് എന്താണ് പണി?

**'ദിശതെറ്റുന്ന** സമുദായ നേതൃത്വം' (ലക്കം 33) സമകാലിക കേരള പരിസരത്ത് പലരെയും അലട്ടിക്കൊണ്ടിരിക്കുന്ന വ്യഥയാണ്. ലേഖനങ്ങളും പരിപാടികളും ബഹുഭൂരിപക്ഷത്തെയും സ്വാധീനിക്കുകയോ ജീവിതത്തിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നില്ല. കഴിഞ്ഞ പുതുവർഷ പുലരിയിൽ കേരളത്തിൽ മദ്യവിൽപനയിൽ രണ്ടും മൂന്നും സ്ഥാനം നേടിയത് മദ്യം എല്ലാ തിന്മയുടെയും മാതാവാണെന്ന് വിശ്വസിക്കുന്ന മുസ്‌ലിം സമൂഹം കൂടുതലുള്ള തിരൂരും പൊന്നാനിയുമാണ്. പക്ഷേ, സമുദായ നേതൃത്വത്തിന് ഇതൊന്നും വിഷയമായതേ ഇല്ല.

രോഗത്തിന് പരിഹാരം കാണേണ്ടത് അടിത്തട്ടിൽ നിന്നാണ്. നിലവിലുള്ള മഹല്ല് സംവിധാനം ഉടച്ച് വാർക്കേണ്ടതുണ്ട്. മഹല്ല് കേന്ദ്രീകൃത ജീവിത ശൈലി (നിലവിൽ കല്യാണത്തിലും മരണത്തിലും ഒതുങ്ങുന്നു മഹല്ല് പ്രവർത്തനം) തിരിച്ചു കൊണ്ടുവരാനുള്ള പ്രായോഗിക പദ്ധതികളെക്കുറിച്ചും ചിന്തിക്കണം.

നിലവിൽ മഹല്ല് കമ്മിറ്റി ഭാരവാഹികൾ മഹല്ല് ഇമാമിന് നൽകുന്ന പരിഗണനയെക്കുറിച്ച് മനസ്സിലാക്കാൻ അതേലക്കത്തിൽ ഇസ്‌ലാമിയാ കോളേജിലെ ഒരു

പൂർവ വിദ്യാർഥി എഴുതിയ കത്ത് (ക്ഷാമത്തിന് പരിഹാരം കാണേണ്ടത് നിങ്ങൾ തന്നെ) മതിയാകും. ഒരു മഹല്ല് ഭാരവാഹിയിൽനിന്ന് അദ്ദേഹത്തിനുണ്ടായ തിക്താനുഭവങ്ങൾ നിലവിലെ മഹല്ല് ഇമാമുകളുടെ അവസ്ഥയുടെ ഒരു നേർചിത്രമാണ്. സാമ്പത്തിക സുരക്ഷിതത്വം ഏതൊരു മനുഷ്യന്റെയും ന്യായമായ അവകാശമാണ്. പക്ഷേ, ഈ ഒരു പരിഗണന മഹല്ല് ഇമാമുകൾക്ക് നൽകാൻ സമുദായം സന്നദ്ധമല്ല. ഫലമോ, സമുദായത്തെ നേരായ ദിശയിൽ നയിക്കാൻ പ്രാപ്തിയുള്ളവർ, ജീവിതത്തിന്റെ പച്ചപ്പ് തേടി മറ്റു മേഖലകളിലേക്ക് പോവുന്നു. ഇതിന്റെ തിക്തഫലം അനുഭവിക്കുന്നത് സമുദായം മൊത്തത്തിലും.

**പി.പി.കെ സിയാദ് ജിദ്ദ**

## ദിശതെറ്റിക്കുന്നവരെ തിരിച്ചറിയുക

**'ദിശതെറ്റുന്ന** സമുദായ നേതൃത്വം' എന്ന ലേഖനം (ലക്കം 33) കേരളത്തിലെ മുസ്‌ലിം നേതൃത്വത്തെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. 'വ്യക്തമായ തെളിവു വന്നു കിട്ടിയശേഷവും പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്' (ഖുർആൻ 3:105) എന്ന വേദവചനത്തെ അന്വർഥമാക്കും വിധം മദ്ഹബിന്റെയും കർമശാസ്ത്രത്തിന്റെയും പേരിൽ പരസ്പരം പോരടിക്കുന്നവർ പൂർവസൂരികളുടെ മാതൃകകൾ മറന്നു പോവുന്നു.

'ഗീബത്ത്' പാപമാണെന്ന് പാഠശാലകളിൽ പഠിപ്പിക്കുകയും തെരുവിൽ പരദൂഷണത്തിന്റെ 'പന്തലുകൾ' തീർക്കുകയും ചെയ്യുന്നവർക്ക് ഏത് പ്രവാചക മാതൃകയാണുള്ളത്. ധീരമായ നിലപാടുകളിലൂടെ ഭരണകൂടത്തിന്റെ ചാട്ടവാറടിയും കാരാഗൃഹവാസവും പുഞ്ചിരിയോടെ നേരിട്ട ഇമാം അബൂഹനീഫ(റ)യെ പ്പോലുള്ള മഹത്തുക്കളെക്കുറിച്ച് വാചാലമാവുന്ന 'പണ്ഡിത' നേതൃത്വം പലപ്പോഴും ഭരണകൂടത്തിന്റെ അനീതികളോട് സ്ഥാനമാനങ്ങൾക്കും രാഷ്ട്രീയലാഭത്തിനും വേണ്ടി രാജിയാവുന്നതും നാം കാണുന്നു.

വ്യക്തിജീവിതത്തിൽ പോലും ലാളിത്യവും വിനയവും കാത്തുസൂക്ഷിക്കാൻ കഴിയാത്തവർക്കെങ്ങനെ സമുദായത്തെ അധാർമികതകളിൽനിന്ന് തടഞ്ഞുനിർത്താൻ കഴിയും? രാഷ്ട്രീയക്കാരെക്കാൾ തരംതാണ വാചക പ്രകടനങ്ങൾ പണ്ഡിത വേഷധാരികളിൽനിന്നും ഇപ്പോൾ നാം കേൾക്കുന്നു. ഇസ്‌ലാമിനെതിരെ വിരോധികൾ നടത്തുന്ന കുത്സിതശ്രമങ്ങളെ തിരിച്ചറിയുന്നതിനു പകരം ഇസ്‌ലാം വിരോധികളുടെ പ്രചാരണങ്ങളാണ് എതിർ സംഘടനകളെ അടിക്കാൻ മതസംഘടനകൾ ഏറ്റുപിടിക്കുന്നത്.

പരസ്പരം 'കുഫ്ർ' ഫത്‌വയിറക്കുന്ന പരിപാടിക്ക് അറുതിവരുത്തി ആശയസംവാദങ്ങളെ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും തലത്തിൽ പുതുക്കിപ്പണിയാനും അധർമത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സമുദായത്തെ നേർവഴിക്കു കൊണ്ടുവരാനും യത്നിക്കുകയാണ് സമുദായ നേതൃത്വം ചെയ്യേണ്ടത്.

**ഇസ്മാഈൽ വടകര**

### വനിതാ സമ്മേളനം

## വരുംസമ്മേളനങ്ങൾക്ക് മാതൃക

**കുറ്റിപ്പുറത്ത്** നടന്ന 'കേരള വനിതാ സമ്മേളനം' വരാനിരിക്കുന്ന സമ്മേളനങ്ങൾക്ക് മാതൃകയാണ്.

സമീപകാല സമ്മേളനങ്ങളിൽ ഒട്ടുമിക്കതും പൊതുജനത്തിന് ബുദ്ധിമുട്ടുകളാണ് സമ്മാനിച്ചത്. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്, കുറ്റിപ്പുറം സമ്മേളനത്തിന്റെ രണ്ട് ദിവസം മുമ്പ് കേരളത്തിലെ ഏറ്റവും വലിയ മദ്യവ്യവസായി നേതൃത്വം കൊടുക്കുന്ന സംഘടനയുടെ അവകാശ പ്രഖ്യാപന സമ്മേളനം കൊച്ചി പ്രദേശവാസിക

ളുടെ 'സ്വതന്ത്ര സഞ്ചാര അവകാശ'ത്തെ  നിഷേധിച്ചത്.

ഈ സമ്മേളനങ്ങളെല്ലാം പുരുഷ കേസരികൾ നേതൃത്വം നൽകിയതാണ്. എന്നാൽ വനിതാ സമ്മേളനത്തിൽ, സ്ത്രീക്ക് ചെയ്യാൻ സാധിക്കാത്തത് എന്ന് സമൂഹം ധരിച്ച പലതും സ്ത്രീകൾ തന്നെ നിർവഹിക്കുകയായിരുന്നു. ഇതാണ് സ്ത്രീശാക്തീകരണത്തിന്റെ പ്രായോഗിക മാതൃക.

**ഷംസീർ വാഴക്കാട്**

# 'നാൾവഴികൾ' ഉണർത്തിയ ഓർമകൾ

***പ്രബോധനം*** ലക്കം 30-ൽ അബ്ദുൽ അഹദ് തങ്ങളുടെ നാൾവഴികളിൽ, വ്യക്തിപരമായ അടുപ്പവും ആദരവുമുണ്ടായിരുന്ന പി.സി മാമു ഹാജിയുടെയും പി.എം ബാവാച്ചി ഹാജിയുടെയും ഫോട്ടോ കണ്ടപ്പോൾ ചില ഓർമകളുണർന്നു. കുറ്റ്യാടി ഇസ്‌ലാമിയാ കോളേജും മറ്റും സ്ഥാപിതമാകുന്നതിന് മുമ്പ് ഇരിക്കൂറിലെ മരക്കച്ചവടക്കാരനായ മാമു ഹാജി തന്റെ ബിസിനസ്സുമായി ബന്ധപ്പെട്ട് കുറ്റ്യാടിയിലെ ബാവാച്ചി ഹാജിയുമായി നല്ല അടുപ്പത്തിലായിരുന്നു. അന്നൊരിക്കൽ മാമു ഹാജി ബാവാച്ചി ഹാജിയോട് പറഞ്ഞു: 'ഹാജീ, പത്താംതരം പാസ്സായ നമ്മുടെ മക്കളെ ഇസ്‌ലാമിക സേവനത്തിലേർപ്പെടാൻ യോജിച്ച വിദ്യാഭ്യാസത്തിന് അയക്കണം.' അദ്ദേഹത്തിന്റെ ആ തീരുമാനത്തിന്റെ ഫലമാണ് വി. അബ്ദുൽ കബീറും അബ്ദുൽ ജബ്ബാറും. ബാവാച്ചി ഹാജി കുറ്റ്യാടി ഇസ്‌ലാമിയാ കോളേജിനും മറ്റും തന്റെ സ്വത്തുക്കൾ ഉദാരമായി ദാനം ചെയ്യുന്നത് കണ്ടപ്പോൾ ഒരു ബന്ധു അദ്ദേഹത്തെ ഗുണദോഷിച്ചു: 'എന്തിനാണ് ഇതൊക്കെ ഇങ്ങനെ നഷ്ടപ്പെടുത്തുന്നത്?' ബാവാച്ചി ഹാജിയുടെ മറുപടി ഇതായിരുന്നു: 'അതാണ് എന്റെ സമ്പാദ്യം. ഞാൻ നട്ടുപിടിപ്പിച്ച റബർ എസ്റ്റേറ്റുകളും കെട്ടിടങ്ങളും എന്നോടൊപ്പം പരലോകത്തേക്ക് വരില്ലല്ലോ. എന്നാൽ ഞാൻ ദാനം ചെയ്യുന്നത് എന്റെ പരലോക ജീവിതത്തിലേക്കുള്ള സമ്പാദ്യമാണ്.'

എന്റെ തൃശൂരിലുള്ള ആദരണീയ സുഹൃത്ത്, റിട്ട. എഞ്ചിനീയർ കെ.എസ് നാരായണന് ഞാൻ *പ്രബോധനം* എത്തിക്കാറുണ്ട്. ദൈവഭക്തനായ വായനക്കാരനാണ്. അറുപതാം വാർഷികപ്പതിപ്പ് അയച്ചു കൊടുത്തു. അത് സന്തോഷത്തോടെ സ്വീകരിച്ച അദ്ദേഹം പാരിതോഷികമായി എം.കെ ഗാന്ധിയുടെ 'ഭഗവത് ഗീത' അയച്ചുതന്നു, ഒരു ഉപദേശവും; അഞ്ചു നേരവും പള്ളിയിൽ പോയി നമസ്കരിക്കണമെന്ന്. നിത്യ ചൈതന്യ യതി ഞങ്ങളുടെ ബന്ധം കാരണം എന്റെ വീട്ടിൽ വന്നു. ഇ.വി അബ്ദു സാഹിബ് മരിച്ചപ്പോൾ പരേതന്റെ വീട് സന്ദർശിക്കാൻ വന്നതായിരുന്നു. അദ്ദേഹവും എന്നോട് നിസ്കരിക്കാനും ഖുർആൻ പാരായണം ചെയ്യാനും ഉപദേശിച്ചു. സുബ്ഹി നമസ്കാരം മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദേശിച്ചു. എന്റെ ബന്ധങ്ങൾക്കും ചര്യകൾക്കും പ്രചോദനം *പ്രബോധന*മായതുകൊണ്ടാണ് ഇതൊക്കെ ഇവിടെ അനുസ്മരിക്കുന്നത്. ഞാൻ ജമാഅത്തെ ഇസ്‌ലാമിക്കാരനല്ല. എന്നിട്ടും കഴിഞ്ഞ അറുപത് വർഷം *പ്രബോധനം* നൽകിക്കൊണ്ടിരിക്കുന്ന വെളിച്ചം ഞാനും എന്റെ നാടും അനുഭവിച്ചുവരുന്നു.

*പ്രബോധനം* വായനാവേദി (റീഡേഴ്സ് ഫോറം) രൂപീകരിക്കണം. *പ്രബോധന*ത്തിന്റെ പ്രവർത്തകരും പ്രസ്ഥാന നേതാക്കളും സോളിഡാരിറ്റിയും എസ്.ഐ.ഒയുമെല്ലാം അതിനായി മുന്നിട്ടിറങ്ങണം. പ്രവർത്തനത്തിന്റെ 20 ശതമാനം നീക്കിവെക്കുകയാണെങ്കിൽ വിജയം സുനിശ്ചിതമാണ്. യുവാക്കളിൽ വായനാശീലം കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. 18-നും 25-നും ഇടക്ക് പ്രായമുള്ള 30 യുവാക്കളുമായി ഈ കുറിപ്പുകാരൻ ചർച്ച ചെയ്തപ്പോൾ അവരിൽ മൂന്ന് പേരാണ് വായിക്കുന്നവർ. ഒരു മൊബൈൽ ഫോൺ കടയിൽ അര മണിക്കൂറിൽ 20 പേർ വന്ന് സിം കാർഡ് വാങ്ങുകയോ റീ ചാർജ് ചെയ്യുകയോ ചെയ്യുന്നുണ്ട്. ഇതേപ്പറ്റിയൊക്കെ പഠനം നടത്തേണ്ട കാലമായിരിക്കുന്നു.

**പി. സൂപ്പി കുറ്റ്യാടി**

## ഹൗ! സ്വർഗം ഇറങ്ങി വന്നുവോ?

**ജലീൽ** പടന്നയുടെ 'മംഗലം നടത്തി മുടിയുന്ന സമുദായം' എന്ന കുറിപ്പ് (ലക്കം 34) വായിച്ച് കോരിത്തരിച്ചു. സമുദായത്തെ ഓർത്ത് അഭിമാനപൂരിതമായി അന്തരംഗം. മകളെ ആയിരം പവനിൽ ചമയിച്ചൊരുക്കിയ പിതാവ്! മറ്റൊരു വധു ധരിച്ചത് 35 പവൻ സ്വർണം തുന്നിപ്പിടിപ്പിച്ച ബ്ലൗസാണത്രെ! പിന്നെയും എന്തെല്ലാം മായക്കാഴ്ചകൾ. ഇതുപോലൊരു 'സുകൃതം' ഇതിനുമുമ്പ് വായിച്ചിട്ടില്ല. സൗഭാഗ്യം, ഐശ്വര്യം എന്നൊക്കെ പറയുന്നത് ഇതൊക്കെത്തന്നെയല്ലേ? സച്ചാർ കമ്മിറ്റിക്കാർ ഇതൊന്നും കണ്ടിട്ടില്ലല്ലോ. കോടിക്കണക്കിനാളുകൾ പട്ടിണികിടന്നാലെന്ത്? ലക്ഷങ്ങൾ അഭയാർഥിക്യാമ്പുകളിൽ പുഴുക്കളെപ്പോലെ ഇഴഞ്ഞാലെന്ത്? എൻഡോസൾഫാന്റെ ഇരകൾ കണ്ണീരിൽ നീന്തിയാലെന്ത്? ദരിദ്ര യുവതികളെ 'ചെന്നായ്ക്കൾ' കടിച്ചുകീറിയാലെന്ത്? ഞങ്ങൾ സമ്പാദിച്ച സ്വർണക്കൂമ്പാരം ഞങ്ങൾ തോന്നിയ പോലെ ചെലവഴിച്ചാൽ നിങ്ങൾക്കെന്താ മാലോകരേ? ആരുണ്ടിവിടെ ചോദിക്കാൻ? ഇങ്ങനെ സ്വർണവും വെള്ളിയുംകൊണ്ട് കളിക്കുന്നവരെ നാളെ എവിടെയോ വെച്ച് എന്തോ ചെയ്യുമെന്ന് ആരോ എവിടെയോ പറഞ്ഞിട്ടില്ലേ? മംഗലത്തിന് പോയ പണ്ഡിതന്മാരേ, നേതാക്കളേ, നിങ്ങൾക്ക് ഓർമവരുന്നില്ല, അല്ലേ?

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## എന്താണ് സംഘ്പരിവാറിന്റെ അടുത്ത പദ്ധതി?

**അൽപം** വൈകിയാണ് വന്നതെങ്കിലും സംഘ്പരിവാർ സ്ഫോടനങ്ങളെക്കുറിച്ച പരമ്പര നന്നായിട്ടുണ്ട്. മുംബൈ ആക്രമണമായിരുന്നു ഇന്ത്യയിൽ നടന്ന ഒടുവിലത്തെ ഭീകരാക്രമണം. ലൗ ജിഹാദ്, മഅ്ദനി, സൂഫിയ, പർദ തുടങ്ങിയ പ്രചാരണങ്ങൾക്ക് ശേഷം പുതിയൊരു ആക്രമണ പദ്ധതി അണിയറയിൽ ഒരുങ്ങുന്നുണ്ട്. അതെന്തായിരിക്കും?

**ജംഷാദ് വെള്ളിപറമ്പ്**
**കോഴിക്കോട്**

## ഭാരവാഹികളുടെ മുതലാളിത്ത നിലപാട്

**ഇമാം**–ഖത്വീബ് ക്ഷാമത്തിന്റെ മൂലകാരണം പള്ളി ഭാരവാഹികളുടെ മുതലാളിത്ത മനോഭാവമാണ്. ജീവനക്കാരോടുള്ള സമീപനം മാറ്റാത്തേടത്തോളം കാലം നല്ല ഇമാം–ഖത്വീബുമാരെ കിട്ടില്ല. സാക്ഷാൽ പ്രവാചകൻ(സ) വന്ന് ഖുത്ബ പറഞ്ഞാലും 'ഇശ്കാല്' തീരാത്ത പ്രമാണിമാരാണ് പള്ളി നടത്തുന്നത്. കേരളത്തിലെ ഇമാമുമാരോട് അവരുടെ അനുഭവങ്ങൾ എഴുതി അറിയിക്കാൻ ആവശ്യപ്പെട്ടാൽ കയ്പേറിയ അനുഭവങ്ങളുടെ വലിയ കൂമ്പാരം തന്നെ കിട്ടും. കടുത്ത മാനസിക പീഡനം അനുഭവിക്കുന്ന ഒരു വിഭാഗമാണ് പള്ളിജീവനക്കാർ. ശമ്പളം 'കുടിശ്ശിക' യായി ജോലി ചെയ്യുന്ന ഇമാമുമാരുമുണ്ട്. അത് ചോദിച്ചാൽ നിങ്ങൾ പണ്ഡിതർ 'ദുൻയാപ്രേമികൾ' ആവാൻ പറ്റുമോ എന്ന മറുചോദ്യം. കാലഘട്ടത്തിനനുസരിച്ച് കച്ചവടം, ബിസിനസ്, ഉദ്യോഗം എന്നിവയിൽ മാറ്റം ആഗ്രഹിക്കുന്നവർ പള്ളി ജീവനക്കാർക്ക് അത് നിഷേധിക്കുന്നത് നീതികേടല്ലേ? പ്രസ്ഥാനം അടിയന്തരമായി ഇതിൽ ഇടപെടണം.

1. മസ്ജിദ് കൗൺസിലിന് കീഴിലെ പള്ളി ഇമാമുമാർക്ക് വേണ്ടി ഒരു കൂട്ടായ്മ രൂപീകരിക്കണം.

2. മഹല്ല്/പള്ളി/മദ്റസ കമ്മിറ്റികൾ രൂപീകരിക്കുമ്പോൾ ചുരുങ്ങിയത് ഏരിയ ഓർഗനൈസറുടെ സാന്നിധ്യമെങ്കിലും നിർബന്ധമാക്കണം.

3. കമ്മിറ്റി രൂപീകരണത്തിൽ പ്രവർത്തകർക്ക് മുൻഗണന കൊടുക്കണം.

4. സാമ്പത്തിക സൗകര്യമില്ലാത്തവർക്ക് പള്ളി നിർമിക്കാൻ അനുവാദം നൽക

രുത്.

5. മസ്ജിദ് കൗൺസിലിനെ സജീവമാക്കണം.

6. പള്ളികൾ ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഏകീകരിക്കുകയും നിരീക്ഷണവേദി ഉണ്ടാക്കുകയും വേണം.

**അബൂ അഫ്നാൻ പാലക്കാട്**